# സ്കൂൾ വിദ്യാർഥികളുടെ വിളർച്ചയകറ്റി; വിദ്യ പർഷുരാംകറിന് രോഹിണി നയ്യാർ പുരസ്കാരം

Sign in with Google
Use your Google Account to sign in to manoramaonline.com
No more passwords to remember. Signing in is fast, simple and secure.
Continue

മനോരമ ലേഖകൻ

PUBLISHED: OCTOBER 31, 2025 10:30 PM IST
UPDATED: OCTOBER 31, 2025 10:44 PM IST
1 MINUTE READ




രോഹിണി നയ്യാർ പുരസ്കാരം ഏറ്റുവാങ്ങി വിദ്യ പർഷുരാംകർ സംസാരിക്കുന്നു. (ചിത്രം: മനോരമ)

Follow Us
Add as a preferred source on Google

ന്യൂഡൽഹി ● നയ്യാർ ഫൗണ്ടേഷൻ ഫോർ സോഷ്യൽ ആൻഡ്

ഇക്കണോമിക് പർപ്പസ് ഏർപ്പെടുത്തിയ രോഹിണി നയ്യാർ പുരസ്കാരം (10 ലക്ഷം രൂപ) പുണെ സ്വദേശിയായ ഫൂഡ് ടെക്നോളജിസ്റ്റും സംരംഭകയുമായ വിദ്യ പർഷുരാംകർ ഏറ്റുവാങ്ങി. പുണയിലെ  ഗ്രാമീണ മേഖലയിലെ സ്കൂൾ വിദ്യാർഥികൾക്ക് ബാജ്റ ഉപയോഗിച്ച് പോഷകസമ്പുഷ്ടമായ വിഭവങ്ങളുണ്ടാക്കി വിളർച്ചയകറ്റാൻ സഹായിക്കുന്ന പ്രവർത്തനങ്ങൾക്കാണ് പുരസ്കാരം.

പ്രധാനമന്ത്രിയുടെ ഇകണോമിക് അഡ്വൈസറി കൗൺസിൽ ചെയർമാൻ പ്രഫ. എസ്.മഹേന്ദ്രദേവ് പുരസ്കാരം നൽകി. ധീരജ് നയ്യാർ, ദീപക് നയ്യാർ, സീത പ്രഭു, രാജേഷ് ഠണ്ടൻ, അശോക് ഖോസ്‌ല എന്നിവർ പ്രസംഗിച്ചു. പ്രമുഖ സാമ്പത്തിക വിദഗ്ധയായിരുന്ന ഡോ.രോഹിണി നയ്യാറിന്റെ സ്മരണാർഥം അവരുടെ കുടുംബം ഏർപ്പെടുത്തിയതാണ് പുരസ്കാരം.

HOME

6%

ADVERTISEMENT




അഗ്രോസീ ഓർഗാനിക്സ് എന്ന സംരംഭത്തിന്റെയും അതിനു കീഴിൽ മില്ലെറ്റ്സ് നൗ എന്ന ബ്രാൻഡിൽ പോഷകാഹാരം ലഭ്യമാക്കുന്ന പദ്ധതിയുടെയും തുടക്കക്കാരിയാണ് വിദ്യ പർഷുരാംകർ. ബയോഫെർട്ടിലൈസ്ഡ് ധാന്യങ്ങൾ ഉപയോഗിച്ച് സമൂഹത്തിന്റെ വിവിധ തുറകളിലുള്ള ആളുകളുടെ പോഷകാഹാരക്കുറവ്

പരിഹരിക്കുന്ന പ്രവർത്തനങ്ങൾക്ക് ഇവർ നേതൃത്വം നൽകുകയാണ്. വിദ്യ ആരംഭിച്ച 'ന്യൂട്രി ഡബ്ബ' പദ്ധതി നിരവധി കാർഷിക കുടുംബങ്ങളിലെ സ്ത്രീകളെ വരുമാനം കണ്ടെത്തുന്നതിലേക്കും നയിച്ചു. വിദ്യ ഖരഗ്പൂർ ഐഐടിയിൽ നിന്ന് ഫൂഡ് പ്രൊസസ്സ് എൻജിനീയറിങ്ങിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുണ്ട്.

**English Summary:**

Vidya Parshuramkar Receives Rohini Nayyar Award: Rohini Nayyar Award recognizes Vidya Parshuramkar for her work in providing nutritious bajra-based food to rural school children.

© Copyright 2025 Manoramaonline. All rights reserved.